# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

### കേന്ദ്ര റിയൽ എസ്റ്റേറ്റ് റഗുലേറ്ററി നിയമത്തിന്റെ ചട്ടങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3139. 19.06.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കേന്ദ്ര റിയൽ എസ്റ്റേറ്റ് റഗുലേറ്ററി നിയന്ത്രണവും വികസനവും നിയമം, 2016 അനുസരിച്ച് ചട്ടങ്ങൾ നിർമ്മിയ്ക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള അന്തിമ സമയപരിധി ഏത് തീയിതിവരെയാണ്; | (എ)<br>&<br>(ബി) | 2016 ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും ആക്ട് ) 2016 മാർച്ച് 26-ാം തീയതി നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ വകുപ്പ് 84 പ്രകാരം ആക്ട് പ്രാബല്യത്തിൽ വന്ന് 6 മാസത്തിനുള്ളിൽ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതോടെ അപ്രസക്തമായ കേരള റിയൽ എസ്റ്റേറ്റ് നിയമം റദ്ദാക്കുകയും ടി നിയമത്തിൻ കീഴിൽ രൂപീകരിച്ച റഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്യേണ്ടി വന്നതിനാൽ കേന്ദ്ര നിയമത്തിനനുസരിച്ചുള്ള ചട്ടങ്ങൾ നിർമ്മിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. ഇപ്പോൾ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ, 2018 സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരണത്തിന് നൽകാൻ തയ്യാറായിട്ടുണ്ട്. |
| (ബി) | ചട്ടങ്ങൾ നിർമ്മിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ സമയപരിധിയ്ക്കകം ഇതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ